"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് — കാഞ്ഞങ്ങാട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. രാകേഷ് എം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ സമർപ്പിച്ച OA(EKM) 1474/2019 -ലെ 05.10.2023 തീയതിയിലുള്ള ഉത്തരവ് — പാലിച്ചുകൊണ്ട് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.459/2026/LSGD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 27.04.2018 തീയതിയിലെ G2-33912/A നമ്പർ ഉത്തരവ്
2. OA (EKM) 1474/2019 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (അഡീഷണൽ ബെഞ്ച്, എറണാകുളം) 05.10.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.
3. OP (KAT) No.145/2024 ൽ ബഹു. കേരള ഹൈക്കോടതി 05.02.2026 തീയതിയിൽ പുറപ്പെടുവിച്ച വിധി.

**<u>ഉത്തരവ്</u>**

കാഞ്ഞങ്ങാട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രാകേഷ് എം, മുനിസിപ്പൽ കോമൺ സർവീസിലെ ശമ്പളനിശ്ചയത്തിന് മുൻ സർക്കാർ സേവനം കണക്കാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) 1474/2019 ഫയൽ ചെയ്തിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ പരാമർശം 2 ഉത്തരവിൽ, പരാമർശം 1-ാം നമ്പർ വർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും , അപേക്ഷകൻ 04.04.2012 മുതൽ 30.12.2014 വരെ സർക്കാരിന് കീഴിൽ അനുഷ്ഠിച്ച സേവനം മുനിസിപ്പൽ കോമൺ സർവീസിലെ സേവനത്തോടൊപ്പം കണക്കാക്കി എല്ലാ സേവനാനുകൂല്യങ്ങൾക്കും ബാധകമായി ശമ്പളം പുനർനിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, രണ്ടാം എതിർകക്ഷിയായ നഗരകാര്യ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവായിരുന്നു.

3. പരാമർശം 2-ാം നമ്പർ ഉത്തരവിനെതിരെ സർക്കാർ ബഹു. കേരള ഹൈക്കോടതിയിൽ OP (KAT) No.145/2024 ഹർജി സമർപ്പിച്ചുവെങ്കിലും, മുകളിൽ പരാമർശം 3-ാം നമ്പർ വിധിപ്രകാരം ഹർജി തള്ളിക്കളഞ്ഞ് ട്രിബ്യൂണലിന്റെ ഉത്തരവ് നിലനിർത്തിയിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാനകേസുകളിൽ ബഹു.സുപ്രീം കോടതിയുടെ 12.08.2025 ലെ വിധിന്യായത്തിൽ, സർക്കാർ ഫയൽ ചെയ്ത SLP (c) 21756/2023, SLP(C) 3375/2024, SLP(C) 7338/2024, SLP(C)9562/2024 കേസുകൾ തള്ളിക്കൊണ്ട് ഉത്തരവായിരുന്നു. മേൽ സാഹചര്യത്തിൽ, ശ്രീ. രാകേഷ് എം-ന്റെ പട്ടികജാതി വികസന വകുപ്പിലെ വാച്ച്മാൻ തസ്തികയിലെ 04.04.2012 മുതൽ 30.12.2014 വരെയുള്ള മുൻകാല സർക്കാർ

സേവനകാലയളവ് മുനിസിപ്പൽ കോമൺ സർവീസിലെ സേവനത്തോടൊപ്പം എല്ലാ സേവനാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതിനും അതിൻപ്രകാരം ശമ്പളം പുനർനിശ്ചയിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5. മേൽ പ്രകാരം OA (EKM) 1474/2019 ലെ 05.10.2023 തീയതിയിലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. രാകേഷ് എം, ഓഫീസ് അറ്റൻഡന്റ്, കാഞ്ഞങ്ങാട് നഗരസഭ
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-02-2026 14:15:03
സെക്ഷൻ ഓഫീസർ